വ്യവസായശാലകൾ.

* 340. [38] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ സ്റ്റേറ്റിൽ ആകെ എത്ര വ്യവസായശാലകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഇരിഞ്ഞാലക്കുടയിൽ ഒരു വ്യവസായശാല തുറക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ചോദ്യത്തിനു് മുമ്പു് ഉത്തരം പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: (ബി)യുടെ ഉത്തരം കിട്ടണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (ബി) അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അവിടെ ഒരു വ്യവസായശാല തുടങ്ങാൻ ആരെങ്കിലും ഉത്സാഹിക്കുകയാണെങ്കിൽ എല്ലാ സഹകരണങ്ങളും നൽകാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: വ്യവസായം തുടങ്ങുന്നതിനു് സകല സൗകര്യങ്ങളും അവിടെയുള്ളതായി വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ നിന്നും പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്.

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ.

* 341. [39] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ ആകെ എത്ര പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ ഉണ്ടു്;

(ബി) ഇവരിൽ ബേസിക് ട്രെയിനിംഗ് പരിശീലനം സിദ്ധിച്ചവർ എത്ര;

(സി) ഈ പരിശീലനം കഴിച്ചു ജോലിനോക്കുന്ന അദ്ധ്യാപകർക്കു് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 14292.

(ബി) 429 പേർ ഈ പരിശീലനം കഴിച്ചിട്ടുണ്ടു്.

(സി) ഈ പരിശീലനം കഴിച്ചു ജോലിനോക്കുന്ന അദ്ധ്യാപകന്മാർക്കു പ്രത്യേക ആനുകൂല്യങ്ങൾ ഒന്നുമില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: പരിശീലനം ലഭിച്ചിട്ടില്ലാത്ത ബാക്കിയുള്ള അദ്ധ്യാപകന്മാർക്കു് എത്ര വർഷംകൊണ്ടു് പരിശീലനം കഴിയും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഇപ്പോൾ ഈ സംസ്ഥാനത്തു് ആകെ എത്ര ബേസിക് സ്കൂളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു്.

ശ്രീ. പി. കെ. ചാത്തൻ: എല്ലാ അദ്ധ്യാപകന്മാർക്കും ഈ ട്രെയിനിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു് ഉദ്ദേശം.

ശ്രീ. പി. കെ. ചാത്തൻ: ഈ ട്രെയിനിംഗ് കഴിച്ചവർക്കു പ്രത്യേക ആനുകൂല്യവും മെച്ചവും ഇല്ലെങ്കിൽ പിന്നെ എന്താണു് ഈ പരിശീലനം നടത്തുന്നതിന്റെ ഉദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ ജീവിതത്തിനു മെച്ചം വരുവാനല്ല, വിദ്യാഭ്യാസസംപ്രദായത്തിനു് ഒരു വ്യത്യാസം വരുത്തുന്നതിനുവേണ്ടിയാണു് ഈ പരിശീലനം നൽകുന്നതു്.

ശ്രീ. പി. കെ. ചാത്തൻ: ഈ പരിശീലനം കഴിച്ച അദ്ധ്യാപകന്മാരെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നിയമിക്കുന്നതു നിമിത്തം അവർക്കു ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരവരുടെ സ്വന്തസ്ഥലം വിട്ടു ജോലി കിട്ടുമ്പോൾ ആർക്കും കുറേ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. പി. കെ. ചാത്തൻ: കഴിയുന്നിടത്തോളം അവരവരുടെ സ്ഥലങ്ങളിൽതന്നെ അവർക്കു ഉദ്യോഗം കൊടുക്കാൻ ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു ഗവണ്മെന്റിന്റെ നയം.

ശ്രീ. ടി. കെ. ദിവാകരൻ: ബേസിക് ട്രെയിനിംഗ് കൊടുക്കുന്നതു സ്വന്തനിലയിൽ ആണോ, ഗവണ്മെന്റു നിർബന്ധമായി കൊടുക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിർബന്ധമായി കൊടുക്കുന്നതല്ല, അവരുടെ സമ്മതത്തോടുകൂടിയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സ്കീം പ്രൈവറ്റ് സെക്ടറിലും വ്യാപിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ.

* 342. [40] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൃഷിക്കാരെ സഹായിക്കുന്നതിനായി ഈ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(ബി) കർഷകർക്കു ലഭിച്ച ആനുകൂല്യങ്ങൾ എന്തു്?

ശ്രീ. ടി. പി. സീതാരാമൻ: സർ, ഈ ചോദ്യത്തിലെ (ബി) യ്ക്കുള്ള ഉത്തരം മാത്രം ലഭിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly